**ഗവൺമെന്റ് പ്രമേയം (ചട്ടം 118)**

കേന്ദ്ര വനം-വന്യജീവി സംരക്ഷണ നിയമത്തിൽ കാലാനുസൃതമായ ഭേദഗതി

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കേരളത്തിന്റെ പലഭാഗങ്ങളിലും വന്യജീവികൾ ജനവാസമേഖലകളിലിറങ്ങുന്നത് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിപ്പിക്കുന്നതിനും മനുഷ്യജീവനും സ്വത്തിനും കൃഷിക്കും ഭീഷണി ഉയർത്തുന്നതിനും കാരണമാകുകയും അതുവഴി നിരവധി മനുഷ്യജീവനുകൾ പൊലിയുന്ന സാഹചര്യമുണ്ടാകുകയും ചെയ്യുന്നതിനാലും;

കേന്ദ്ര വന്യജീവി സംരക്ഷണ നിയമപ്രകാരം വന്യ ജീവികളായിട്ടുള്ള കാട്ടുപന്നി, വിവിധയിനം കുരങ്ങുകൾ, മറ്റ് ജീവികൾ എന്നിവ വനത്തിന് പുറത്തുള്ള മേഖലകളിൽ പെറ്റുപെരുകി വന്യജീവി ശല്യം രൂക്ഷമാക്കുന്നതിനാലും;

ജനവാസ മേഖലകളിലേയ്ക്കിറങ്ങുന്ന ഇത്തരം ആക്രമണകാരികളായ വന്യജീവികളെ നശിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും തടസ്സങ്ങളാകുന്ന കർശന വ്യവസ്ഥകളടങ്ങിയ കേന്ദ്ര വന്യജീവി സംരക്ഷണ നിയമവും

ചട്ടങ്ങളും നടപടിക്രമങ്ങളും ഉപദേശങ്ങളും മാനദണ്ഡങ്ങളും കാലാനുസൃതമായി ഭേദഗതി വരുത്താതെ നിലനിൽക്കുന്നതിനാലും;

കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ 62-ാം വകുപ്പുപ്രകാരം കാട്ടുപന്നി ഉൾപ്പെടെ വനത്തിന്റെ പുറത്ത് പെറ്റുപെരുകുന്ന ഉപദ്രവകാരികളായ വന്യജീവികളെ ഉന്മൂലനം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ ആവർത്തിച്ച് അനുമതി നിഷേധിക്കുന്നതിനാലും;

പൊതുജനങ്ങൾക്ക് ജനവാസമേഖലകളിൽ ഭീതികൂടാതെ സമാധാനപരമായി ജീവിക്കുന്നതിനുള്ള സാഹചര്യം നിലനിർത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നതിനാലും;

ഇപ്പോൾ അതിനാൽ,

1. കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ 11(1)(എ) വകുപ്പ് പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകിയിട്ടുള്ള എല്ലാ അധികാരങ്ങളും അടിയന്തര നടപടികൾ സ്വീകരിക്കാൻ സാധ്യമാക്കുന്ന വിധം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് ഏൽപ്പിച്ച് നൽകുന്നതിന് വകുപ്പ് 5(2) ഉൾപ്പെടെ ഭേദഗതി ചെയ്യണമെന്നും;

2. വകുപ്പ് 11(1)(എ)-യിലെ ക്ലിപ്ത നിബന്ധനകളിലെയും വിശദീകരണത്തിലെയും നടപടിക്രമങ്ങളും വന്യജീവി നിയമത്തിന് കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളും നടപടിക്രമങ്ങളും ഉപദേശങ്ങളും (Advisories) മാനദണ്ഡങ്ങളും ലഘൂകരിക്കുന്നതിനും ആവശ്യമായ പ്രായോഗിക വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രസ്തുത കേന്ദ്രനിയമം കാലാനുസൃതമായി ഭേദഗതി ചെയ്ത് വന്യജീവി ആക്രമണം തടയുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും;

3. കാട്ടുപന്നിയെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ 62-ാം വകുപ്പുപ്രകാരം ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്നും

ഈ സഭ ഐകകണ്ഠ്യേന കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

(ശ്രീ. മഞ്ഞളാംകുഴി അലി)

പി.14-02-2024
ജെ.എം.-എസ്.ആർ-1
12.30-12.40 su

<u>മി. സ്പീക്കർ</u>: അംഗങ്ങൾക്ക് പ്രമേയത്തിനുള്ള ഭേദഗതി

അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ ആദ്യവരിയിൽ "ആക്രമണകാരികളായ" എന്ന വാക്കിന് പകരം "ആക്രമണകാരികളും മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും ഭീഷണി ഉയർത്തുന്ന" എന്നീ വാക്കുകൾ ചേർക്കുക.

2. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയിലെ ആദ്യവരിയിൽ "ജനവാസമേഖലകളിൽ "എന്ന വാക്കിന് പകരം "ജനവാസമേഖലകളിലും വനത്തിന് പുറത്തും" എന്നീ വാക്കുകൾ ചേർക്കുക.

3. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 2-ാം ഉപഖണ്ഡത്തിലെ നാലാമത്തെ വരിയിൽ "പ്രായോഗിക" എന്ന വാക്കിന് പകരം "പ്രായോഗികവും ജനങ്ങളുടെ സ്വൈര ജീവിതത്തിന് സഹായകരവുമായ" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിൽ ആദ്യ ഖണ്ഡികയായി "കേരള സംസ്ഥാനത്തെ വനമേഖലയിൽ വനവിസ്തൃതിക്ക് ആനുപാതികമായതിൽ കൂടുതൽ വന്യജീവി സാന്ദ്രത ഉള്ളതിനാലും," എന്നത് ചേർക്കുക.

2. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിൽ നാലാമത്തെ വരിയിൽ "സാഹചര്യം ഉണ്ടാകുകയും ചെയ്യുതിനാലും" എന്നതിനുപകരം "സാഹചര്യവും കൃഷി അടക്കമുള്ള ജീവനോപാധികൾ നശിപ്പിക്കുകയും ചെയ്യുന്നത് സ്ഥിരമായി മാറിയതിനാലും," എന്ന് കൂട്ടിച്ചേർക്കുക.

3. പ്രമേയത്തിൽ അഞ്ചാമത്തെ ഖണ്ഡികയായി "കാർഷിക ഭൂമിയിൽ കർഷകർക്ക് കൃഷി ചെയ്യാനുള്ള സാഹചര്യം നിലനിർത്തേണ്ടതിനാലും;" എന്നത് ചേർക്കുക.

4. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 1-ാം ഉപഖണ്ഡത്തിലെ മൂന്നാമത്തെ വരിയിൽ "ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക്" എന്നതിനുപകരം "ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക്" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

പ്രസ്തുത റെസല്യൂഷന്റെ മേജറായിട്ടുള്ള കണ്ടന്റാണിത്. ഇവിടെ ചീഫ്

വൈൽഡ് ലൈഫ് വാർഡനിൽ നിന്നും അതേ അധികാരം നൽകുന്നത് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കാണ്. അത് ഒരു ലെയർ താഴേക്കാണെന്ന് മാത്രമേയുള്ളൂ. അതിന്റെ പ്രോസസ്സും കാലദൈർഘ്യവും സമയദൈർഘ്യവും കൂടുതലായിരിക്കും. അതേ അധികാരം ജില്ലയിലുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കാണ് നൽകുന്നതെങ്കിൽ കൃത്യതയോടുകൂടി സമയത്തുതന്നെ അഡ്രസ് ചെയ്യാൻ സാധിക്കുന്നതാണ്.

5. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 2-ാം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുകയും ശേഷിക്കുന്ന ഉപഖണ്ഡങ്ങൾ പുനഃക്രമീകരിക്കുകയും ചെയ്യുക.

"കാർഷിക വിളകൾ ഉൾപ്പെടെയുള്ള സ്വത്തിന് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നാശനഷ്ടം ഉണ്ടാകുന്ന സാഹചര്യങ്ങളിലും പട്ടിക ഒന്നിൽ പരാമർശിക്കുന്ന വന്യമൃഗങ്ങളെ വേട്ടയാടുന്നതിന് അനുമതി നൽകുവാൻ സാധിക്കുന്ന രീതിയിൽ കേന്ദ്ര വനം വന്യജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 11(1)(എ) ഭേദഗതി ചെയ്യപ്പെടണമെന്നും;"

6. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുകയും ശേഷിക്കുന്ന ഉപഖണ്ഡങ്ങൾ

പുനഃക്രമീകരിക്കുകയും ചെയ്യുക.

മി. സ്പീക്കർ: വിശദമായി അവതരിപ്പിക്കേണ്ടതില്ല. ഭേദഗതി സർക്കുലേറ്റ് ചെയ്തിട്ടുള്ളതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഇത് പ്രധാനപ്പെട്ട കാര്യമായതുകൊണ്ടാണ് പറയുന്നത്.

"വനവിസ്തൃതിക്ക് ആനുപാതികമായതിൽ കൂടുതൽ വന്യജീവി സാന്ദ്രതയുള്ള വനമേഖലകളിൽ, ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-വന്യജീവി നിയമത്തിൽ പരാമർശിക്കുന്ന സയന്റിഫിക് മാനേജ്മെന്റ് ഉൾപ്പെടെയുള്ള കരണീയമായ മാർഗ്ഗങ്ങളിലൂടെ വന്യജീവികളുടെ പുനരധിവാസം സാധ്യമാക്കുന്നതിനായി പ്രസ്തുത നിയമത്തിലും ബന്ധപ്പെട്ട ചട്ടങ്ങളിലും മറ്റ് നടപടിക്രമങ്ങളിലും ഭേദഗതി വരുത്തണമെന്നും;"

സെക്ഷൻ 12 (bb) - സയന്റിഫിക് മാനേജ്മെന്റിൽ ട്രാൻസ്‌ലൊക്കേഷൻ, പോപ്പുലേഷൻ മാനേജ്മെന്റ് എന്നിവയെക്കുറിച്ച് കൃത്യമായി പറയുന്നുണ്ട്. അത്തരം കാര്യങ്ങൾ ഇതിൽ വളരെ കൃത്യമായി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്.

7. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡത്തിനുശേഷം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക.

"വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേൽക്കുന്നവർക്കും കാർഷിക വിളകൾ ഉൾപ്പെടെയുള്ള സ്വത്തിന് നാശനഷ്ടം സംഭവിക്കുന്നവർക്കുമുള്ള നഷ്ടപരിഹാരം ഉയർത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും;"

മനുഷ്യ നാശമാണെങ്കിൽ അത് 50 ലക്ഷം രൂപവരെയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

8. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡത്തിന് ശേഷം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക.

"ഈ സഭ കേന്ദ്ര സർക്കാരിനോടും; വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവർക്കും പരിക്കേറ്റവർക്കും നാശനഷ്ടം സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാര തുക പൂർണ്ണമായി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും; സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് സമഗ്രമായ ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ച്

നടപ്പിലാക്കണമെന്നും ഈ സഭ സംസ്ഥാന സർക്കാരിനോടും ഐകകണ്ഠേന അഭ്യർത്ഥിക്കുന്നു;"

9. പ്രമേയത്തിന്റെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുകയും ശേഷിക്കുന്ന ഉപഖണ്ഡങ്ങൾ പുനഃക്രമീകരിക്കുകയും ചെയ്യുക.

"കേന്ദ്ര വനം വന്യജീവി സംരക്ഷണ നിയമത്തിലെ ഒന്നാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ഗുരുതര വംശനാശ ഭീഷണി നേരിടുന്ന വന്യമൃഗങ്ങളുടെ പട്ടികയിലുള്ള ആന, കടുവ, കാട്ടുപോത്ത് എന്നീ വന്യമൃഗങ്ങൾ പ്രസ്തുത ഷെഡ്യൂളിൽ ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ദേശീയ തലത്തിലും സംസ്ഥാനതലത്തിലും നിലവിൽ വ്യത്യസ്തമായിരിക്കുന്നതിനാൽ ഒന്നാം ഷെഡ്യൂളിൽ നിന്നും രണ്ടാം ഷെഡ്യൂളിലേയ്ക്ക് പുനഃക്രമിക്കണമെന്നും;"

അതിൽ അതീവ ഗൗരവതരമായ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ ആൻഡ് നാച്വറൽ റിസോഴ്സസ് (IUCN) ആണ് റെഡ് ഡാറ്റാ ബുക്ക് പ്രസിദ്ധീകരിക്കുന്നത്. ഇത് പബ്ലിഷ്

ചെയ്യുമ്പോൾ അന്തർദേശീയ തലത്തിലുള്ള സ്റ്റാറ്റിസ്റ്റിക്സാണ് പരിഗണിക്കുന്നത്. ലോകരാജ്യങ്ങളിൽ ഈ മൃഗങ്ങളുടെ എണ്ണം കുറവാണ്. അവിടെ സ്കൾ ചെയ്യുന്നതുൾപ്പെടെ പലകാര്യങ്ങളും ചെയ്ത് ക്രമീകരിക്കുന്നുണ്ട്. ഇവിടെ ആന, കടുവ എന്നിവയുടെയെല്ലാം എണ്ണം കൂടുതലാണ്. കൂടുതലുള്ളതിനെ നല്ലതുപോലെ വളർത്തണമെന്നുപറഞ്ഞ് അവർ ഇന്റർനാഷണൽ ഫണ്ട് കൊടുക്കുകയാണ്. അവർ അവിടെ കുറയ്ക്കുന്നു, നമ്മൾ ഇവിടെ വളർത്തുന്നു. അതിന്റെ മുഴുവൻ ബുദ്ധിമുട്ടും നമ്മൾ നേരിടുകയാണ്. അതുകൊണ്ട് ഐ.യു.സി.എൻ. സമീപനത്തിൽ നിന്നുംമാറി ദേശീയതലത്തിൽ നമ്മുടെ സാഹചര്യം മനസ്സിലാക്കി ഷെഡ്യൂൾ ഒന്നിൽ നിന്ന് ഈ മൃഗങ്ങളെ ഷെഡ്യൂൾ രണ്ടിൽ ഉൾപ്പെടുത്താനും മനുഷ്യനും സ്വത്തിനും കൃഷിക്കും ബുദ്ധിമുട്ടുണ്ടെങ്കിൽ അതിനെ കൈകാര്യം ചെയ്യാനും മെയിന്റെയിൻ ചെയ്യാനും നടപടി സ്വീകരിക്കണം.

ശ്രീ. സജീവ് ജോസഫ്: സർ, വന്യമൃഗ ശല്യത്തിന്റെ രൂക്ഷത പ്രതിഫലിക്കുന്ന ഒന്നാകണം നമ്മുടെ പ്രമേയമെന്ന് സൂചിപ്പിക്കുകയാണ്. താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയുടെ രണ്ടാമത്തെ വരിയിൽ

"സ്വത്തിനും കൃഷിക്കും" എന്നതിന് ശേഷം "സാമൂഹ്യജീവിതത്തിനും" എന്നത് കൂട്ടിച്ചേർക്കുക. കാരണം അത് സാമൂഹ്യ വിഷയമായി മാറിയിരിക്കുന്ന സാഹചര്യമാണ്.

2. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയുടെ നാലാമത്തെ വരിയിൽ "സാഹചര്യം" എന്നതിനുശേഷം "അനുദിനം വർദ്ധിച്ചുവരുന്നതിനാലും" എന്നത് കൂട്ടിച്ചേർക്കുക. ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുക്കണം.

3. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ കാട്ടുപന്നിയുടെയും വിവിധയിനം കുരങ്ങുകളുടെയുംമറ്റും വിഷയമാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അത് യഥാർത്ഥത്തിൽ ഇപ്പോഴുള്ള ഗൗരവാവസ്ഥ വെളിവാക്കുന്നതല്ല. അതുകൊണ്ട് പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയുടെ അവസാനമായി "കാട്ടാനകൾ കടുവകൾ കാട്ടുപോത്തുകൾ തുടങ്ങിയ മൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലെത്തി അക്രമാസക്തമാകുന്ന ഭീതിതമായ സംഭവങ്ങൾ ആവർത്തിക്കുന്നതിനാലും" എന്നത് കൂട്ടിച്ചേർക്കണം.

4. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 2-ാം ഉപഖണ്ഡമായി

ഇനി പറയുന്നത് ഉൾപ്പെടുത്തുകയും ശേഷിക്കുന്ന ഉപഖണ്ഡങ്ങൾ പുനഃക്രമീകരിക്കുകയും ചെയ്യുക.

"കാർഷിക വിളകൾ ഉൾപ്പെടെയുള്ള സ്വത്തിന് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം കനത്ത നാശനഷ്ടം ഉണ്ടാകുന്ന സാഹചര്യങ്ങളിലും പട്ടിക ഒന്നിൽ പരാമർശിക്കുന്ന വന്യമൃഗങ്ങളെ വേട്ടയാടുന്നതിന് അനുമതി നൽകുവാൻ സാധിക്കുന്ന രീതിയിൽ കേന്ദ്ര വനം വന്യജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 11(1) (എ) ഭേദഗതി ചെയ്യണമെന്നും;" എന്നുകൂടി കൂട്ടിച്ചേർക്കണം.

നിലവിൽ ജീവനെ ബാധിക്കുന്ന വിഷയമാണെങ്കിൽ മാത്രമേ അത് ബാധകമാകുന്നുള്ളൂ. കാർഷിക വിളകളെ ബാധിക്കുന്ന സാഹചര്യമുണ്ടെങ്കിൽ അതിനുകൂടി ബാധകമാകുന്ന നിലയിലേയ്ക്ക് എത്തിക്കേണ്ടതുള്ളതുകൊണ്ടാണ് ഭേദഗതി ആവശ്യപ്പെടുന്നത്.

5. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 4-ാം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക.

"വനാതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങൾക്ക് അക്രമത്തിന് ഇരയാകുന്ന ജനവാസ കേന്ദ്രങ്ങളെ വന്യമൃഗ ശല്യത്തിൽനിന്ന് സംരക്ഷിക്കാൻ

ബന്ധപ്പെട്ട സംസ്ഥാനങ്ങൾക്ക് കൂട്ടായ ഉത്തരവാദിത്തം കല്പിച്ചു നൽകുന്ന വ്യവസ്ഥകൾ കൂട്ടിച്ചേർക്കാൻ ഭേദഗതി ചെയ്യണമെന്നും;"

(തുടരും)

P-13-02-2024
AK-SR (1)
12.40-12.50 su

(ശ്രീ. സജീവ് ജോസഫ്.....തുടർച്ച)

6. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡത്തിന് ശേഷം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക.

"വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേൽക്കുന്നവർക്കും കാർഷിക വിളകളുൾപ്പെടെയുള്ള സ്വത്തിന് നാശനഷ്ടം സംഭവിക്കുന്നവർക്കുമുള്ള നഷ്ടപരിഹാരം ഉയർത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും;"

7. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡത്തിന് ശേഷം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക.

"വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകുന്നത് തടയാൻ അവയുടെ പ്രജനനത്തിന് നിയന്ത്രണം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും;"

8. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡത്തിന് ശേഷം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക.

" വനഭൂമിക്ക് പുറത്തുള്ള വനവൽക്കരണം നിയന്ത്രിക്കുകയും വന്യജീവികളുടെ സ്വൈരവിഹാരത്തിന് കാരണമാകുന്നതിനാൽ പ്രാദേശിക സാഹചര്യം കണക്കിലെടുത്ത് ഇത്തരം വനവൽക്കരണത്തിന് നിയന്ത്രണം ഏർപ്പെടുത്തണമെന്നും;"

ഇപ്പോൾ വനവൽക്കരണം (Afforestation) എന്ന പദ്ധതിയുണ്ട്, അതുസംബന്ധിച്ച് ആശങ്കയുള്ളതുകൊണ്ടാണ് ഇത് കൂട്ടിച്ചേർക്കണമെന്ന് പറയുന്നത്.

9. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡത്തിന്റെ രണ്ടാമത്തെ വരിയിൽ "പ്രഖ്യാപിക്കണമെന്നും" എന്നതിന് ശേഷം "വന്യജീവി നിയന്ത്രണത്തിന് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര ഫണ്ട് വർദ്ധിപ്പിക്കണമെന്നും" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ ഒരു അടിയന്തരപ്രമേയത്തിലും രണ്ട് ശ്രദ്ധക്ഷണിക്കലിലും ഉൾപ്പെടുത്തിയ വിഷയമാണിത്. എങ്കിലും പ്രസ്തുത പ്രമേയം അത്തരത്തിലൊരു ഗൗരവം ഉൾക്കൊണ്ടിട്ടില്ല. ആയതിനാൽ

താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയുടെ രണ്ടാമത്തെ വരിയിൽ "മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിനും" എന്നീ വാക്കുകൾ ഒഴിവാക്കുക.

2. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയുടെ രണ്ടാമത്തെ വരിയിൽ "കുരങ്ങുകൾ" എന്നതിനു ശേഷം "കാട്ടാനകൾ, കാട്ടുപോത്ത്, മാൻ, മയിൽ" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

3. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയുടെ അവസാനം "നിഷേധിക്കുന്നതിനാലും" എന്നതിനുശേഷം "കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് അനുമതി നൽകുന്നതിനായി കേരള ഹൈക്കോടതി 2021-ലെ ഇടക്കാല ഉത്തരവുവഴി ചീഫ് വൈൽഡ് ലൈഫ് വാർഡന് നിർദ്ദേശം നൽകിയിട്ടുള്ളതിനാലും;" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

4. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ അവസാനം "പ്രതിജ്ഞാബദ്ധമാണെന്നതിനാലും" എന്നതിനു പകരം 'പ്രതിജ്ഞാബദ്ധമാണെങ്കിലും ആയതിൽ പൂർണ്ണമായും വിജയിക്കാത്തതിനാലും;" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

5. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ ഒന്നാം ഉപഖണ്ഡത്തിൽ "ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക്" എന്നതിനു പകരം "ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, വൈൽഡ് ലൈഫ് വാർഡൻമാർ എന്നിവർക്കും" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

6. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ രണ്ടാം ഉപഖണ്ഡത്തിന്റെ തുടർച്ചയായി

"വന്യജീവി ആക്രമണങ്ങളിൽ മനുഷ്യജീവനും സ്വത്തിനും കൃഷി മുതലായവയ്ക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങളിൽ മതിയായ നഷ്ടപരിഹാരം നൽകുന്നതിന് നിയമ സംവിധാനങ്ങൾ സൃഷ്ടിക്കണം" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

7. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ മൂന്നാം ഉപഖണ്ഡത്തിലെ ആദ്യ വരിയിൽ "കാട്ടുപന്നിയെ" എന്നതിനു പകരം "കാട്ടുപന്നിയെയും കാട്ടുകുരങ്ങിനെയും ഉൾപ്പെടെയുള്ള മൃഗങ്ങളെ" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

പ്രധാനപ്പെട്ട മൂന്ന് ആവശ്യങ്ങളാണ് പ്രമേയത്തിലുള്ളത്. ഒന്നാമതായി

11 (എ) പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകുന്ന അധികാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കുകൂടി നൽകണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച ഭേദഗതി ഞാനും അവതരിപ്പിച്ചിട്ടുണ്ട്. തണ്ണീർകൊമ്പന്റെ കാര്യത്തിലായാലും ഇന്നലെ കൊട്ടിയൂരിലെ കടുവയുടെ കാര്യത്തിലായാലും മയക്കുവെടി വയ്ക്കുന്നതുൾപ്പെടയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടായി. ആയതിനാൽ ജില്ലാതലത്തിൽ ജില്ലാ ഫോറസ്റ്റ് ഓഫീസർമാർക്ക് ആ അധികാരം നൽകണമെന്നുള്ളതാണ്. ഇന്നത്തെ പ്രധാനപ്പെട്ട ഒരു ഗവൺമെന്റ് നിർദ്ദേശം കേന്ദ്രനിയമത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തണമെന്നുള്ളതാണ്. നിലവിലെ നിയമത്തിന്മേൽ നമുക്കുള്ള പ്രയാസങ്ങളും അപാകതകളും എന്തൊക്കെയാണെന്നും എന്തൊക്കെ മാറ്റങ്ങളാണ് അതിൽ വരുത്തേണ്ടതെന്നും കൃത്യമായി പറയാൻ സാധിക്കണം. സ്പെസിഫിക്കായി എന്ത് മാറ്റമാണ് വേണ്ടതെന്നുള്ള കാര്യത്തിൽ ഞാൻ ഒരു നിർദ്ദേശം വയ്ക്കുകയാണ്. ഭേദഗതി വൈകി സമർപ്പിച്ചതുമൂലം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഞാൻ വാക്കാൽ ഭേദഗതി

അവതരിപ്പിക്കുകയാണ്.

പന്നിയെ വെർമിനായി പ്രഖ്യാപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതുസംബന്ധിച്ച് ആക്ടിലെ സെക്ഷൻ 62 അനുസരിച്ച് പ്രൊവിഷനുമുണ്ട്. അതിൽ പറയുന്നത് ലിസ്റ്റ് ഒന്നിലോ ലിസ്റ്റ് രണ്ടിലെ രണ്ടാം പട്ടികയിലോ ഉൾപ്പെടാത്ത ജീവികളാണെങ്കിൽ വെർമിനായി ഡിക്ലയർ ചെയ്യാവുന്നതാണ് എന്നാണ്. ഇവിടത്തെ കേസ് എന്താണ്, കാട്ടുകുരങ്ങിന്റെ കാര്യത്തിൽ ഒരു പ്രതിവിധിയുമില്ല, എന്നാൽ കാട്ടുകുരങ്ങ് ലിസ്റ്റ് ഒന്നിലെ പതിനാറാമത്തെ ഇനവുമാണ്. അതുകൊണ്ട് സെക്ഷൻ 62-ൽ മാറ്റംവരുത്തി ലിസ്റ്റ് ഒന്നിലും ലിസ്റ്റ് രണ്ടിന്റെ രണ്ടാം പട്ടികയിലും ഉൾപ്പെടുന്ന ആക്രമണകാരികളായ ജീവികളെ വെർമിനായി പ്രഖ്യാപിക്കാനുള്ള നിയമ ഭേദഗതി കൂടി മുന്നോട്ടുവയ്ക്കണം. നഷ്ടപരിഹാരത്തെക്കുറിച്ച് ഇവിടെ എല്ലാവരും പറഞ്ഞു; ജീവൻ നഷ്ടപ്പെടാം, സ്വത്തുക്കൾ നഷ്ടപ്പെടാം, അതിന് Definite ആയിട്ടുള്ള legal provision ഇല്ല. കേരളത്തിൽ അതുസംബന്ധിച്ച് ഒരു ഗവൺമെന്റ് ഓർഡർ മാത്രമാണുള്ളത്. അതിനൊരു legal system ആവശ്യമാണ്. മോട്ടോർ വെഹിക്കിൾ ആക്ടിൽ ട്രൈബ്യൂണലുണ്ട്, അതിന് വ്യവസ്ഥയുമുണ്ട്. അപകടം സംഭവിച്ചാൽ ചെറുപ്പക്കാർക്കും പ്രായക്കൂടുതലുള്ളവർക്കും നൽകുന്ന

നഷ്ടപരിഹാരം ഒരുപോലെയല്ല. നഷ്ടപരിഹാരം നൽകുന്നതിന്റെ കാര്യത്തിൽ തീരുമാനമെടുക്കാൻ ഒരു Judicial Authority വേണമെന്നുള്ളത് നിയമത്തിൽ വളരെ അത്യാവശ്യമാണ്.

പ്രമേയത്തിന്റെ Introduction പാരഗ്രാഫിൽ മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവെന്ന് പറയുന്നു. അതിനെ മനുഷ്യ-വന്യജീവി സംഘർഷമായി പരിമിതപ്പെടുത്തരുത്. ഇത് അങ്ങോട്ടുമിങ്ങോട്ടുമുള്ള ഒരു സംഘർഷമല്ല. അടുത്ത ദിവസങ്ങളിലുണ്ടായ സംഭവങ്ങളിൽ ആളുകൾ കൊല്ലപ്പെടുകയാണ്. അതുകൊണ്ട് ആദ്യത്തെ വാചകത്തിൽ ഈ മാറ്റം വരുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മറ്റൊരുകാര്യം, പന്നിയെ വെർമിനായി ഡിക്ലയർ ചെയ്യണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്രഗവൺമെന്റ് അംഗീകരിക്കാത്തതുകൊണ്ട് കേരളത്തിലെ കർഷകർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും ഓർഡർ വാങ്ങേണ്ട സാഹചര്യമുണ്ടായി. പ്രസ്തുത ഓർഡർ ഞാൻ quote ചെയ്യാം, 'Insofar as it is seen that the properties of the petitioners are under threat of the attack of the wild boars and insofar as the stand of the State Government is that the steps taken under Section 11(1)(b) of the Act

to avert the said menace did not yield any result and that the only alternative to protect the interests of the farmers is to declare wild boars as vermin in specified areas in the State, I deem it appropriate to pass an interim order directing the Chief Wildlife Warden to permit the petitioners to hunt wild boars in the areas where their agricultural lands are situated, as provided for in Section 11(1)(b) of the Act. Ordered accordingly. ആക്ടിലെ സെക്ഷൻ 11(1)(b) പ്രകാരം കർഷകർക്ക് അവരുടെ കൃഷിഭൂമിയിൽ വരുന്ന കാട്ടുപന്നികളെ വേട്ടയാടാൻ അനുമതി നൽകാനുള്ള അധികാരം ചീഫ് വൈൽഡ് ലൈഫ് വാർഡനുണ്ടെന്നാണ് ഓർഡറിൽ പറയുന്നത്. അതുകൊണ്ട് ഇക്കാര്യംകൂടി introductory പാരഗ്രാഫിൽ സൂചിപ്പിച്ച് കുറച്ചുകൂടി സ്പെസിഫിക്കായി വേണം ഈ പ്രമേയം പാസ്സാക്കേണ്ടത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പ്രമേയത്തിന് നാല് ഭേദഗതികളാണ് ഞാൻ അവതരിപ്പിക്കുന്നത്.

1. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 1-ാം ഉപഖണ്ഡത്തിലെ മൂന്നാമത്തെ വരിയിൽ "ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക്" എന്നതിനു

പകരം "ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക്" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

പത്ത് ദിവസമായി എന്റെ നിയോജകമണ്ഡലത്തിലെ പുൽപ്പള്ളിയിൽ ഒരു കടുവ 20 കി.മീ. ചുറ്റളവിലുള്ള ജനവാസ കേന്ദ്രങ്ങളിൽക്കൂടി ഓടിനടക്കുകയാണ്. അവിടത്തെ രണ്ട് സ്കൂളുകൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചിരിക്കുകയാണ്. കടുവയെ പിടിക്കാൻ കൂട് വച്ചിട്ടും കൂട്ടിൽ വീഴുന്നില്ല, അതിനെ മയക്കുവെടിവച്ച് പിടിക്കുന്നതിനുള്ള സാഹചര്യമുണ്ടാകണം. ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് റേഞ്ച് ഓഫീസർ ഡി.എഫ്.ഒ.-യ്ക്കും ഡി.എഫ്.ഒ. സി.സി.എഫ്.-നും സി.സി.എഫ്. ചീഫ് വൈൽഡ് ലൈഫ് വാർഡനും സമർപ്പിച്ചതിനുശേഷം മാത്രമേ അതുസംബന്ധിച്ച ഓർഡർ ഇറങ്ങുകയുള്ളൂ. അപ്പോൾ വളരെയധികം കാലതാമസമുണ്ടാകും. ഇത്തരത്തിൽ ഗൗരവതരമായ വിഷയങ്ങളുണ്ടാകുമ്പോൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ തന്നെ ഓർഡർ ഇറക്കി സംഘർഷങ്ങൾ ഒഴിവാക്കാനുള്ള സാധ്യതകൾ തുറന്നുകൊടുക്കുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണിത്.

3. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡമായി

ഇനി പറയുന്നത് ഉൾപ്പെടുത്തുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക. "ജനവാസ മേഖലയിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് സാധ്യമാകുന്ന രീതിയിൽ ബന്ധപ്പെട്ട നടിപടിക്രമങ്ങൾ ലഘൂകരിക്കണമെന്നും."

അതിരാവിലെ അഞ്ച് മണിക്ക് കണ്ട തണ്ണീർകൊമ്പനെ മയക്കുവെടി വച്ചത് വൈകുന്നേരം 5.30-നും അവിടെനിന്നും നീക്കം ചെയ്തത് വൈകുന്നേരം 7 മണിയ്ക്കുമാണ്. നടപടിക്രമങ്ങൾ ലഘൂകരിക്കാത്തതു കൊണ്ടാണ് ഇത്രയും സമയമെടുത്തത്. ആയതിനാൽ ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കാനുള്ള സാഹചര്യങ്ങളൊരുക്കേണ്ടത് അത്യാവശ്യമാണ്.

3. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 4-ാം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക.

" വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നവരുടെ കുടുബാംഗങ്ങൾക്കും പരിക്കേൽക്കുന്നവർക്കും കാർഷികവിളകൾ ഉൾപ്പെടെയുള്ള സ്വത്തിന് നാശനഷ്ടം സംഭവിക്കുന്നവർക്കുമുള്ള നഷ്ടപരിഹാരം ഉയർത്തുന്നതിനും സമയബന്ധിതമായി വിതരണം

ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്നും;".

നഷ്ടപരിഹാരത്തുക ഉയർത്തുന്നത് സംബന്ധിച്ച വിഷയം പ്രമേയത്തിലൂടെ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതും സംസ്ഥാന സർക്കാർ ആയത് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള സാഹചര്യങ്ങളൊരുക്കേണ്ടതുമാണ്.

4. പ്രമേയത്തിലെ അവസാനത്തെ ഖണ്ഡികയ്ക്ക് പകരമായി ഇനി പറയുന്നത് ചേർക്കുക.

"മനുഷ്യജീവൻ നഷ്ടപ്പെടുന്ന സംഭവങ്ങളിൽ നഷ്ടപരിഹാരം 50 ലക്ഷമായി ഉയർത്തണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോടും; വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവർക്കും പരിക്കേറ്റവർക്കും നാശനഷ്ടം സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാര തുക പൂർണ്ണമായി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് സമഗ്രമായ ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്നും ഈ സഭ സംസ്ഥാന സർക്കാരിനോടും ഐകകണ്ഠ്യേന അഭ്യർത്ഥിക്കുന്നു."

ഒട്ടനവധി മനുഷ്യജീവൻ പൊലിഞ്ഞുവെന്ന് ബഹുമാനപ്പെട്ട മന്ത്രി

പ്രമേയത്തിൽ പറയുകയുണ്ടായി. കഴിഞ്ഞദിവസം സഭയിൽ നഷ്ടപരിഹാരമെന്ന് പറഞ്ഞപ്പോൾ അത് സമാശ്വാസ പദ്ധതിയാണെന്നും പറഞ്ഞു. മനുഷ്യജീവൻ പൊലിഞ്ഞാൽ ആ കുടുംബത്തിന് സമാശ്വാസ തുകയായി 50 ലക്ഷം രൂപ നൽകുന്നതിനായി കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുകയും കേരളത്തിലെ വനവിസ്തൃതി പരിശോധിച്ച് ക്രിട്ടിക്കൽ ഏരിയ നിർണ്ണയിച്ച് ആവശ്യത്തിന്റെ വ്യാപ്തി അനുസരിച്ചുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും വേണം.

(ശ്രീ. എ. കെ. ശശീന്ദ്രൻ)

പി. 14-02-2024
പി.വി. - എസ്.ആർ.(1)
(12.50-01.00) su

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൽ സമൂലപരിഷ്കരണം കൊണ്ടുവരണമെന്ന ലക്ഷ്യമാണ് ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കുള്ളതെന്നാണ് അവർ അവതരിപ്പിച്ച ഭേദഗതികളിൽനിന്നും മനസ്സിലാകുന്നത്. വന്യജീവി സംരക്ഷണ നിയമത്തിലെ 11(1)(എ)-ലെ വകുപ്പുകളാണ് പൊതുവെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നത്. ആ വകുപ്പുകളിൽ കാതലായ മാറ്റങ്ങൾ വരുത്തണമെന്നതാണ് പ്രമേയത്തിന്റെ മുഖ്യ അജണ്ട. നഷ്ടപരിഹാരത്തുക എത്രയാകണമെന്ന് തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരല്ല, സംസ്ഥാന സർക്കാരാണ്. സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ള വാചകങ്ങൾ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്ന പ്രമേയത്തിൽ കൂട്ടിച്ചേർത്താൽ കോൺട്രഡിക്ടറി ആകുമെന്ന് അറിയാത്തവരല്ല നമ്മൾ. ആ പറഞ്ഞതിലെ ലക്ഷ്യത്തെ ഞാൻ വിസ്മരിക്കുന്നില്ല. ഈ നിബന്ധനകൾ, വിശദീകരണങ്ങൾ, നടപടിക്രമങ്ങൾ തുടങ്ങി എല്ലാ ഉദ്ദേശ്യങ്ങളും ഗൈഡ്‌ലൈനുകളും ഉൾപ്പെടെ മാറ്റം വരുത്തണമെന്ന് പറയുമ്പോൾ മാറ്റം വരുന്ന ഘട്ടത്തിൽ ചേർക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചാണ്

ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ വിശദമാക്കിയത്. അത് നല്ല നിർദ്ദേശങ്ങൾതന്നെയാണ്. അത് കൂട്ടിച്ചേർക്കുന്നത് പ്രമേയത്തിന്റെ ദൈർഘ്യം വർദ്ധിപ്പിക്കാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. അധികാരം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സിന് നൽകണമെന്ന നിർദ്ദേശം പോരാ ഡി.എഫ്.ഒ.-മാരെ ഏൽപ്പിക്കണമെന്നതാണ്. വയനാട് ജില്ലയിൽ മൂന്ന് ഡി.എഫ്.ഒ.-മാരുണ്ട്. വയനാട് ജില്ലയിൽ മാത്രമല്ല, പല സ്ഥലത്തും ഒന്നിലധികം ഡി.എഫ്.ഒ.-മാരുണ്ട്. ജില്ല നോക്കിയല്ല ഡിവിഷനുകൾ നിശ്ചയിച്ചിരിക്കുന്നത്. ആകെ ഇരുപത്തിനാലോളം ഡിവിഷനുകളുണ്ട്. അതുകൊണ്ടാണ് സർക്കിൾ അടിസ്ഥാനത്തിൽ ചുമതലയുള്ള ഉദ്യോഗസ്ഥന് അധികാരം നൽകണമെന്ന് പറഞ്ഞിട്ടുള്ളത്.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതി ഞാൻ സ്വീകരിക്കുന്നു.

7. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡത്തിന് ശേഷം ഉപഖണ്ഡമായി ഇനി പറയുന്നത് ഉൾപ്പെടുത്തുക,

"വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകുന്നത് തടയാൻ അവയുടെ പ്രജനനത്തിന് നിയന്ത്രണം കൊണ്ടുവരുന്നതിനുള്ള നടപടി

സ്വീകരിക്കണമെന്നും;"

പ്രസ്തുത ഭേദഗതി സ്വീകരിക്കുന്നതിലൂടെ ഇതിൽ എല്ലാ കാര്യങ്ങളും ഉൾക്കൊണ്ടിട്ടുണ്ടെന്നാണ് മനസ്സിലാക്കേണ്ടത്.

ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

രണ്ടാം പേജിൽ ഖണ്ഡിക രണ്ടിൽ, "ലഘൂകരിക്കുന്നതിനും" എന്നതിന് പകരം "ലഘൂകരിക്കണമെന്നും " എന്ന് തിരുത്തുക.

മറ്റ് ഭേദഗതികൾ പ്രസ് ചെയ്യരുതെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, സെക്ഷൻ 62 ആണ് ഒരു ജീവിയെ വെർമിൻ ആയി പ്രഖ്യാപിക്കാനുള്ള സെക്ഷൻ. അതിലെ ഒന്നാം ഷെഡ്യൂളും രണ്ടാം ഷെഡ്യൂളിലെ രണ്ടാം പട്ടികയിൽ ഉൾപ്പെടുന്ന മൃഗങ്ങളെ വെർമിനായി പ്രഖ്യാപിക്കാൻ സാധിക്കില്ല. അപ്പോൾ 62-ാം വകുപ്പിൽ മാറ്റമില്ലാതെ തുടരുന്നതുകൊണ്ട് യാതൊരു ഫലവുമില്ല. അതുകൊണ്ട് സെക്ഷൻ 62 ഭേദഗതി ചെയ്യാൻ നമ്മൾ സ്പെസിഫിക്കായി ആവശ്യപ്പെടണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അതുണ്ട്. പ്രമേയത്തിലെ മൂന്നാമത്തെ ആവശ്യമായി, "കാട്ടുപന്നിയെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ 62-ാം വകുപ്പ് പ്രകാരം ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്നും" എന്ന്

വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, ആ വകുപ്പിലാണ് ഭേദഗതി വരുത്തേണ്ടത്.

മി. സ്പീക്കർ: Unanimous ആയി പോയിക്കൂടേ.

ശ്രീ. സണ്ണി ജോസഫ്: സർ, നിയമ വകുപ്പുമന്ത്രി ആ കാര്യത്തിൽ പ്രതികരിക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ ഇവിടെ പറഞ്ഞ ഭേദഗതികൾ അല്ലാതെ മറ്റൊന്നും സ്വീകരിക്കുന്നില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അതുസംബന്ധിച്ച് വനം-വന്യജീവി വകുപ്പുമന്ത്രി വ്യക്തമാക്കിയ സാഹചര്യത്തിൽ മറ്റൊന്നും പറയാനില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതിയും മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ;

(ഭേദഗതികൾ പ്രസ് ചെയ്യപ്പെട്ടില്ല.)

സർവ്വശ്രീ മഞ്ഞളാംകുഴി അലി, ടി. സിദ്ദിഖ്, സജീവ് ജോസഫ്, സണ്ണി ജോസഫ്, ഐ. സി. ബാലകൃഷ്ണൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ ..............

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.